പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : T 1818

14.8.2017 ൽ
മറുപടിയ്ക്ക്

## മലപ്പുറം കുടുംബകോടതി കെട്ടിടനിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | മലപ്പുറം കുടുംബകോടതി കെട്ടിടനിർമ്മാണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദീകരിക്കാമോ; | (എ) യും (ബി) യും | മലപ്പുറം കുടുംബകോടതി കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് 25.11 സെന്റ് ഭൂമി നീതി ന്യായ വകുപ്പിന് കൈമാറുകയും, പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്ന് രൂപരേഖയും എസ്റ്റിമേറ്റും ലഭ്യമാക്കണമെന്ന് മഞ്ചേരി ജില്ലാ ജഡ്ജിന് ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നു. നിലവിൽ രൂപരേഖയും എസ്റ്റിമേറ്റും ഹൈക്കോടതിയിൽ ലഭിച്ചിട്ടില്ല. |
| (ബി) | നീതിന്യായ വകുപ്പിന് ഭൂമി കൈമാറി ഒരു വർഷം പിന്നിട്ടിട്ടും കെട്ടിട നിർമ്മാണ നടപടികൾ വൈകുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | | |
| (സി) | പ്രസ്തുത നടപടികൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ? | (സി) | രൂപരേഖയും എസ്റ്റിമേറ്റും ഹൈക്കോടതി പരിശോധിച്ച് അംഗീകരിച്ചതിനുശേഷം പൊതുമരാമത്ത് വകുപ്പ് നിർമ്മാണത്തിന് ഭരണാനുമതി നൽകി ടെൻഡർ നടപടി പൂർത്തിയാക്കേണ്ടതുണ്ട്. അതിനുശേഷം മാത്രമേ പ്രസ്തുത കോടതി കെട്ടിടം നിർമ്മാണം ആരംഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ